**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം - ജീവനക്കാര്യം - ഗുരുവായൂർ നഗരസഭ - ടൗൺ പ്ലാനർ (വിജിലൻസ്) പരിശോധന -നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു.) വകുപ്പ്**

സ.ഉ. (സാധാ) നം.1612/2019/തസ്വഭവ. തിരുവനന്തപുരം, തീയതി: 27/07/2019

പരാമർശം :- 1. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ന്റെ 13.05.2015 തീയതിയിലെ സി.ടി.പി.(വിജി) നം 308/15 നമ്പർ റിപ്പോർട്ട്.

2. ഗുരുവായൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് നൽകിയ 28.01.2016 തീയതിയിലെ തസ്വഭവ-ഇ.യു.1/407/2015/ ത.സ്വ.ഭ.വ. നമ്പർ കുറ്റപത്രം.

3. കുറ്റപത്രത്തിന് ശ്രീ. രഘുരാമൻ സമർപ്പിച്ച 20.04.2016 തീയതിയിലെ പ്രതിവാദ പത്രിക.

4. നഗരകാര്യ ഡയറക്ടറുടെ 01.06.2018 തീയതിയിലെ വി3-2068/16 നമ്പർ കത്ത്.

**ഉത്തരവ്**

ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) ഗുരുവായൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ. എ. സുദർശന്, (അഴീക്കൽ, കോലോത്ത് വീട്, ദേവികാമന്ദിരം) റസിഡൻഷ്യൽ ബിൽഡിംഗിനായി അനുവദിച്ച പെർമ്മിറ്റിൽ ചട്ട ലംഘനമുള്ളതായി കണ്ടെത്തുകയും വിജിലൻസ് ചീഫ് ടൗൺ പ്ലാനറുടെ പരാരമർശം ഒന്ന് പ്രകാരമുള്ള ശിപാർശയുടെ അടിസ്ഥാനത്തിൽ ടി നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ. രഘുരാമന് പരാമർശം രണ്ട് പ്രകാരം കുറ്റാരോപണമെമ്മോ നൽകുകയുമുണ്ടായി.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ രഘുരാമൻ പരാമർശം മൂന്ന് പ്രകാരം സമർപ്പിച്ച മറുപടിയിൽ ആരോപണ വിധേയമായ ബിൽഡിങ്ങ് പെർമ്മിറ്റ് അനുവദിച്ചത് 28/01/2013 ലാണെന്നും താൻ ഗുരുവായൂർ നഗരസഭയിൽ ചാർജ്ജെടുത്തത് 04/11/2013 ലാണെന്നും ടിയാൻ രേഖപ്പെടുത്തിയിട്ടുണ്ട്.

3. ശ്രീ. സുദർശന്റെ കെട്ടിട നിർമ്മാണ അപേക്ഷയിൽ റസിഡൻഷ്യൽ ബിൽഡിംഗ് പെർമ്മിറ്റിന് മുനിസിപ്പൽ എഞ്ചിനീയർ ശ്രീ.പി.എസ്. സുരേഷാണ് അനുവാദം നല്കിയതെന്നും യൂട്ടിലിറ്റി സ്പേസിൽ റിക്രിയേഷൻ സ്പേസ് അനുവദിച്ചു എന്നതാണ് സി.ടി.പി

വിജിലൻസിന്റെ കണ്ടെത്തലെന്നും, റിക്രിയേഷൻ സ്പേസ് പ്ലോട്ടിന്റെ മറ്റൊരു ഭാഗത്ത് സജ്ജമാക്കി പുതുക്കിയ പ്ലാൻ ഉടമ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിലാണ് 10/09/2015 ൽ മുനിസിപ്പൽ എഞ്ചിനീയർ കെട്ടിടത്തിന് ഒക്കുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചിട്ടുള്ളതെന്നും, ഒക്കുപെൻസി സർട്ടിഫിക്കറ്റ് അനുവദിച്ചപ്പോൾ കെ.എം.ബി.ആർ. പാലിക്കുന്നുണ്ടെന്നും നഗരസഭാധികൃതർ വിശദീകരിച്ചിട്ടുള്ളതായും, ശ്രീ. രഘുരാമൻ 04/11/2013 നാണ് ഗുരുവായൂർ മുനിസിപ്പാലിറ്റിയിൽ ചാർജ്ജെടുത്തതെന്ന വിശദീകരണവും കുറ്റാരോപണ പത്രികയ്ക്കുള്ള അദ്ദേഹത്തിന്റെ മറുപടിയും കണക്കിലെടുത്ത് ശ്രീ രഘുരാമനെ ഈ ആരോപണത്തിൽനിന്നും ഒഴിവാക്കാവുന്നതാണെന്ന് കൊച്ചി റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നതായും നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. ശ്രീ. രഘുരാമൻ ഗുരുവായൂർ നഗരസഭയിൽ 21/05/2012 മുതൽ 27/10/2012 വരെയാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. എന്നാൽ ബിൽഡിങ്ങ് പെർമ്മിറ്റ് നൽകിയിരിക്കുന്നത് 28/01/2013 നാണെന്നുള്ള വസ്തുത പരിഗണിച്ച് ശ്രീ. രഘുരാമനെതിരെയുള്ള അച്ചടക്കനടപടികൾ അവസാനിപ്പിക്കാവുന്നതാണ് എന്ന് നഗരകാര്യ ഡയറക്ടർ പരാമർശം നാല് പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയ്ക്ക് സമർപ്പിച്ച മറുപടിയും നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ശ്രീ. രഘുരാമനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രമണിമാത്യു**

അഡീഷണൽ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ.
ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്), തിരുവനന്തപുരം.
ചെയർമാൻ/ ചെയർപേഴ്സൺ, ഗുരുവായൂർ നഗരസഭ.
ശ്രീ. രഘുരാമൻ, സെക്രട്ടറി, പാലക്കാട് നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഈ ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.